സ്നേഹവ്രതൻ പൂക്കോട്ടൂർ

# മഴവിൽലോകം തേടുന്നത് സർഗാത്മക ന്യൂനപക്ഷത്തെ

**വർണ ബഹുലമായ സമൂഹ സീമകളിലേക്ക് ഒഴുകിപ്പരക്കാൻ സാധിക്കുമ്പോഴാണ് സംസ്കൃതികൾ ദിക്കുകൾ ജയിച്ചടക്കുന്നത്. സംവാദങ്ങളുടെ ജാലകങ്ങൾ കൊട്ടിയടച്ച് സംസ്കാരങ്ങൾ തമ്മിലുള്ള കൊള്ളക്കൊടുക്കകൾ തടയപ്പെടുമ്പോൾ ബഹുസ്വരതയിൽ സംശയങ്ങളും അവ വളർന്ന് കലാപങ്ങളും മുളപൊട്ടുന്നു.**

'**മഴവിൽ** ലോകത്തെ ഇസ്‌ലാം' എന്ന സി. ദാവൂദിന്റെ പ്രഭാഷണത്തിന്റെ ലേഖനരൂപവും, 'മഴവിൽ ലോകവും ഇസ്‌ലാമിക പ്രസ്ഥാനവും' എന്ന ടി. മുഹമ്മദ് വേളത്തിന്റെ പ്രതികരണവും വായിച്ചു.

ബഹുസ്വര സമൂഹത്തിൽ സംസ്കാരങ്ങൾ തമ്മിൽ മിണ്ടിപ്പറച്ചിലും ഇഴുകിച്ചേരലും നടക്കേണ്ടതുണ്ട്. സംവാദാത്മകമല്ലാത്ത ഒരു പ്രത്യയശാസ്ത്രത്തിനും ചരിത്രത്തിൽ നിലനിൽപുണ്ടായിട്ടില്ല. അന്യ സമൂഹങ്ങളിലേക്ക് ഊടുറ്റ പാലം കെട്ടാൻ കഴിയുന്നിടത്താണ് ഏതൊരു ദർശനത്തിന്റെയും വിജയം. 'വാട്ടർ ടൈറ്റ് കമ്പാർട്ടുമെന്റു'കളിൽ അടച്ചിടപ്പെടുന്ന ഏതൊരു ചിന്താധാരയും അവിടെക്കിടന്ന് ദുഷിക്കുകയേയുള്ളൂ. വർണ ബഹുലമായ സമൂഹ സീമകളിലേക്ക് ഒഴുകിപ്പരക്കാൻ സാധിക്കുമ്പോഴാണ് സംസ്കൃതികൾ ദിക്കുകൾ ജയിച്ചടക്കുന്നത്. സംവാദങ്ങളുടെ ജാലകങ്ങൾ കൊട്ടിയടച്ച് സംസ്കാരങ്ങൾ തമ്മിലുള്ള കൊള്ളക്കൊടുക്കകൾ തടയപ്പെടുമ്പോൾ ബഹുസ്വരതയിൽ സംശയങ്ങളും അവ വളർന്ന് കലാപങ്ങളും മുളപൊട്ടുന്നു.

ഇന്ത്യയിലെ ഇസ്‌ലാമിക സമൂഹം മേൽപറഞ്ഞ സംവാദാത്മകത നിലനിർത്തുന്നതിൽ പൊതുവെ വിമുഖമാണ്. പുത്തൻ പരിതോവസ്ഥകൾക്കനുസൃതമായി സ്വന്തം വിശ്വാസത്തെ നവീകരിക്കാനും ഇതരവിശ്വാസി സമൂഹങ്ങളുമായി അത് പങ്കുവെക്കാനും അവർ പിശുക്ക് കാണിക്കുന്നു. സ്വമതത്തിലെ അവാന്തര വിഭാഗങ്ങളോടുപോലും സഹിഷ്ണുതാ ഭാവേന സംവാദത്തിലേർപ്പെടാനുള്ള ചിത്തവിശാലത ഇല്ലാത്തവരാണ് മുസ്‌ലിം പൊതുധാര.

മുസ്‌ലിം പൊതുസമൂഹത്തിൽനിന്നും ഭിന്നമാണ് ഇക്കാര്യത്തിൽ ഇസ്‌ലാമിക പ്രസ്ഥാനം. അന്യ സമൂഹങ്ങളുമായി അർഥവത്തായ സൗഹൃദം

സ്ഥാപിക്കാൻ ആത്മാർഥമായ ശ്രമങ്ങൾ ജമാഅത്ത് നടത്തിവരുന്നുണ്ട്. ആദർശപ രാഗണങ്ങൾക്ക് സ്നേഹസംവാദങ്ങൾ സംഘടിപ്പിക്കാൻ ജമാഅത്ത് എക്കാലത്തും മുൻനിരയിലുണ്ടായിട്ടുണ്ട്. മറ്റുള്ളവർക്ക് പറയാനുള്ളത് കേൾക്കാൻ കാതുകൊടുത്ത ഒരു പ്രസ്ഥാനം ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മാത്രമായിരിക്കും. വിമർശനത്തെ മമതയോടെ ഉൾക്കൊള്ളാനും പ്രതികരിക്കുന്നതിൽ അവധാനത പുലർത്താനും ജമാഅത്ത് ശ്രദ്ധ പുലർത്താറുണ്ട്. പ്രകൃതിദുരന്തങ്ങളിലും കലാപങ്ങളിലും ജീവിതം ഹോമിക്കപ്പെടുന്നവരോട് മറ്റു പരിഗണനകളൊന്നും കൂടാതെ പ്രസ്ഥാനം കാണിക്കുന്ന സഹാനുഭൂതിയും സഹായ മനസ്കതയും ആരിലും മതിപ്പുളവാക്കും. വികസന ഭീകരതയുടെ ഇരകളോടും ഉദാരീകരണം മൂലം ഓരങ്ങളിലേക്ക് മാറ്റിനിർത്തപ്പെട്ടവരോടും ഹൃദയത്തിൽ തൊട്ട് ഐക്യദാർഢ്യം പുലർത്താനും ഇസ്‌ലാമിക പ്രസ്ഥാനം പ്രതിജ്ഞാബദ്ധമാണ്. ഇതെല്ലാം നിഷ്പക്ഷമതികളുടെ മതിപ്പും പ്രശംസയും നേടിയിട്ടുണ്ട്.

അടുത്തകാലത്ത് കുത്തക മീഡിയയും വലതുപക്ഷ സംഘടനകളും ജമാഅത്തിനെതിരെ കടന്നാക്രമണം നടത്തുന്നത്, അത് സമൂഹത്തിൽ ചെലുത്തിക്കൊണ്ടിരിക്കുന്ന സ്വാധീനത്തിന്റെ സ്വാഭാവിക പ്രതികരണമാണ്.

ഇന്ത്യ പോലുള്ള പ്രവിശാലമായ ഒരു ദേശത്ത് സാർവത്രിക സ്വീകാര്യത ലഭിക്കുന്ന ഒരവസ്ഥയിലേക്ക് പ്രസ്ഥാനം എത്തണമെങ്കിൽ ദൂരങ്ങൾ ഇനിയും താണ്ടേണ്ടതുണ്ട്. പ്രസ്ഥാനത്തിന്റെ പ്രവർത്തനരീതിയിൽ മാറ്റങ്ങൾക്ക് ഇനിയും പ്രസക്തിയുണ്ട്. ക്രിസ്ത്യൻ മിഷണറി പ്രവർത്തനങ്ങൾക്ക് സമാന്തരങ്ങൾ ഉണ്ടാക്കാനല്ല ശ്രമിക്കേണ്ടത്. പ്രബോധനം ഒരു കച്ചവടമോ പ്രബോധകൻ ഒരു സെയിൽസ്മാനോ ആവരുത്. ഇസ്‌ലാമിന്റെ അംഗസംഖ്യ വർധിപ്പിക്കുന്നതിന് ആളെ റിക്രൂട്ട് ചെയ്യുന്ന റിക്രൂട്ടിംഗ് ഏജൻസികളുമാവരുത് പ്രബോധക സംഘങ്ങൾ. പ്രബോധകന്റെ സാംസ്കാരിക വിലാസത്തിന്റെ വിലോഭനീയതയിൽ ആകൃഷ്ടരായി അറിയാതെ സംഭവിക്കുന്ന ഒരു മഹൽ പ്രക്രിയയാണ് വിശ്വാസപരിവർത്തനം.

ഇസ്‌ലാമിക സമൂഹത്തിലെ സഹോദര ഗ്രൂപ്പുകളോട് കുറച്ചുകൂടി സഹവർത്തിത്വത്തോടെ പെരുമാറാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് സാധിക്കേണ്ടതുണ്ട്. സമുദായത്തിലേക്ക് പ്രസ്ഥാനം ഇട്ട പാലങ്ങൾ അക്കരെയെത്തുന്നില്ല. അത് പൂർണമാക്കാനുള്ള സത്വര നടപടികൾ ഉണ്ടാവണം.

സാംസ്കാരിക രംഗത്തെ അർഥവത്തായ ഇടപെടലുകൾക്കാണ് പ്രസ്ഥാനം മുൻഗണന നൽകേണ്ടത്; അത് വലതുപക്ഷ സാംസ്കാരിക മീഡിയക്ക് എത്ര ചൊറിച്ചിലുണ്ടാക്കിയാലും. ദൃശ്യമാധ്യമരംഗത്ത് ശക്തമായ സാന്നിധ്യം ഉറപ്പാക്കാത്തേടത്തോളം ഇടപെടലുകൾ ജനങ്ങളിലെത്തിക്കാനാവില്ല എന്നും കൂട്ടത്തിൽ പറയട്ടെ.

സി. ദാവൂദും ടി. മുഹമ്മദ് വേളവും തങ്ങളുടെ നിബദ്ധങ്ങളിൽ പ്രവാചകന്റെ മദീനാ സ്റ്റേറ്റിനെ ഉദാഹരിക്കുന്നുണ്ട്. എണ്ണത്തിൽ വളരെ കുറവായിട്ടും അന്നത്തെ സമൂഹത്തിന്റെ ഭാഗധേയം പ്രവാചക സംഘത്തിന്റെ കൈകളിലെത്തി. പ്രവാചകന്റെ സംഘം മധ്യകാല അറേബ്യയിലെ സർഗാത്മക ന്യൂനപക്ഷമായിരുന്നു. സാമൂഹിക ശാസ്ത്രകാരന്മാർ സമൂഹത്തെ രണ്ടായി തരംതിരിക്കുന്നുണ്ടല്ലോ: ആൾക്കൂട്ടമെന്നും സർഗാത്മക ന്യൂനപക്ഷമെന്നും. ആൾക്കൂട്ടം ആ പേര് സൂചിപ്പിക്കുംപോലെ പ്രതികരണ വന്ധ്യത ബാധിച്ച വെറും പൊങ്ങുതടികളായിരിക്കും. എണ്ണത്തിൽ വളരെ കുറവാണെങ്കിലും സമൂഹത്തിലെ മാറ്റങ്ങൾക്ക് ചുക്കാൻ പിടിക്കാൻ ത്രാണിയുള്ളവരാണ് സർഗാത്മക ന്യൂനപക്ഷം. ആധുനികോത്തര സമൂഹത്തിലെ സർഗാത്മക ന്യൂനപക്ഷമാവാൻ സാധിക്കുമോ എന്നതാണ് വെല്ലുവിളിയായി എടുക്കേണ്ട ചോദ്യം. അതിനു സാധിച്ചാൽ പിന്നെ ശതമാനക്കണക്കുകൾക്ക് പ്രസക്തിയില്ല. സമൂഹത്തിന്റെ ഭാഗധേയം ആ വിഭാഗത്തിന്റെ കൈകളിലെത്തിച്ചേരും. ■